# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 125     11.02.2013 ലെ മറുപടിക്ക്

## പ്രവാസി മലയാളികൾക്കായി ക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. യു. കുരുവിള:<br>ശ്രീ; തോമസ് ഉണ്ണിയാടൻ:<br>ശ്രീ. മോൻസ് ജോസഫ്:<br>ശ്രീ. സി. എഫ് തോമസ്: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) പ്രവാസി മലയാളികളുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി എന്തെല്ലാം പുതിയ ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) പ്രവാസി മലയാളികളുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>1) തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നല്കുന്നതിനുള്ള 'പ്രവാസി പുനരധിവാസ പദ്ധതി';<br><br>2) സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട |

| | | |
|---|---|---|
| | | ലൈസൻസിംഗ് ഉൾപ്പെടെ സഹായം നല്കുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ ഒരു "നോർക്ക ബിസിനസ്സ് ഫെസിലി-റ്റേഷൻ സെന്റർ" ആരംഭിക്കു-ന്നതിനുള്ള പദ്ധതി;<br><br>3) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിന് വേണ്ടി 'പ്രവാസി ലീഗൽ എയ്ഡ് സെൽ' ആരംഭിക്കുന്ന പദ്ധതി;<br><br>4) വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള സ്വപ്നസാ-ഫല്യം പദ്ധതി;<br><br>5) കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം അംഗങ്ങൾക്കായുള്ള വിവാഹ ധനസഹായം, പ്രസവാനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ. |
| (ബി) പ്രവാസി മലയാളികൾക്ക് വ്യവസായ സംരംഭങ്ങൾ കൂടുതലായി | (ബി) | പ്രവാസി മലയാളികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപിക്കുന്ന കാര്യം |

| | | |
|---|---|---|
| തുടങ്ങുന്നതിന് പുതിയ സാമ്പത്തിക മേഖലകൾ (സെസ്സ്) പ്രഖ്യാപിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ